പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 888 — 05.03.2018-ൽ മറുപടിക്ക്

## കല്ലടിമുഖം പാലത്തിന്റെ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഒ. രാജഗോപാൽ : | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) 2009 ൽ ഭരണാനുമതി ലഭിച്ച കല്ലടിമുഖം പാലത്തിന്റെ പ്രവൃത്തി ഏതു വരെയായി എന്ന് വിശദമാക്കാമോ; | (എ) & (ബി) തിരുവനന്തപുരം ജില്ലയിൽ, നേമം നിയോജക മണ്ഡലത്തിലെ കല്ലടിമുഖം പാലത്തിന്. സർക്കാർ ഉത്തരവ് നം. 1044/2009/പൊതുമരാമത്ത് വകുപ്പ് തീയതി 14.07.2009 പ്രകാരം 500 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. ഈ പ്രവൃത്തിയ്ക്ക് സ്ഥലം ലഭ്യമാകാത്ത സാഹചര്യത്തിൽ ഭരണാനുമതിയുടെ കാലാവധി കഴിഞ്ഞു. ഭരണാനുമതി പുതുക്കി നൽകുന്നതിനായി 01.08.2017-ന് നം.സി.ഇ/ആർ & ബി/1878/2016/Tvpm കത്ത് സർക്കാരിലേയ്ക്ക് ലഭ്യമാക്കുകയും ആയത് പരിശോധനയ്ക്ക് ശേഷം നിലവിലെ DSR പ്രകാരം പര്യാപ്തമായ ബഡ്ജറ്റ് പ്രൊവിഷനോടെ സമർപ്പിക്കുവാൻ ചീഫ് എഞ്ചിനിയർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2005-ൽ ഡിസൈൻ ചെയ്ത പാലത്തിന്റെ രൂപകൽപ്പന പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിൽ നിന്നും പുതുക്കി ലഭിച്ചിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റും, സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസലും സർക്കാരിലേയ്ക്ക് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |
| (ബി) കല്ലടിമുഖം പാലത്തിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോയെന്നും, ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കേണ്ടതെന്നും വ്യക്തമാക്കാമോ ? | |

S. Bindu

സെക്ഷൻ ഓഫീസർ